**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1193** **07-12-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ ഘടന പുനഃക്രമീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയുടെ പ്രവർത്തനപരിധി നിശ്ചയിക്കുന്ന സെക്ഷൻ, സബ് ഡിവിഷൻ എന്നിങ്ങനെയുള്ള ഘടന ഇപ്പോൾ എപ്രകാരമാണെന്ന് വിശദമാക്കുമോ; | (എ) | 1984ൽ കേരള വാട്ടർ അതോറിറ്റി രൂപീകരിക്കപ്പെട്ട സമയത്തെ ജലവിതരണ മേഖലയുടെയും സ്കീമുകളുടെയും പശ്ചാത്തലത്തിലാണ് വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പ്രവർത്തനപരിധി നിശ്ചയിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത ഘടന പുനഃക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഓഫീസുകൾ പുനഃക്രമീകരിക്കാനുള്ള ചർച്ചകൾ നടന്നുവരുന്നു. |
| (സി) | ജലജീവൻ മിഷൻ ഉൾപ്പെടെ വിവിധ പുതിയ ജലവിതരണ പദ്ധതികൾ നിലവിൽ വന്ന സാഹചര്യത്തിൽ വിതരണ സംവിധാനം വിപുലപ്പെട്ടത് കണക്കിലെടുത്ത് പ്രവർത്തനപരിധിയുടെ ഘടന റവന്യൂ ജില്ല, താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയുടെ മാനദണ്ഡത്തിലോ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും, ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും, സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും; കണക്ഷനു കളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ